ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സാ ധനസഹായമായി എത്ര തുക അനുവദിച്ചു എന്ന് അറിയിക്കുമോ ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി സംബന്ധിച്ച് നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

ടെക്നോപാർക്കിലേക്ക് വിദേശ സംഘങ്ങളെ ആകർഷിക്കുന്നതിനുള്ള നടപടി

82 (95) ശ്രീ. എം. എ വാഹീദ് :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോപാർക്കിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വിദേശ രാജ്യങ്ങളിൽനിന്നുള്ള വ്യാപാരക്കരാറുകൾ നേടുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കുമോ ;

(ബി) ന്യൂസിലാൻഡിൽ നിന്നുള്ള പ്രതിനിധിസംഘം ഈയിടെ ടെക്നോപാർക്ക് സന്ദർശിച്ചിരുന്നുവോ ;

(സി) പ്രസ്തുത സംഘം ടെക്നോപാർക്കിലെ സംരംഭകരുമായി എന്തൊക്കെ വ്യാപാരക്കരാറുകളിൽ ഏർപ്പെട്ടു എന്ന് വിശദമാക്കുമോ ;

(ഡി) ഈ വർഷം ഇത്തരത്തിൽ മറ്റേതൊക്കെ വിദേശ രാജ്യങ്ങളിലെ പ്രതിനിധി സംഘങ്ങളാണ് വന്നിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(ഇ) കൂടുതൽ വിദേശ സംഘങ്ങളെ ടെക്നോപാർക്കിലേക്ക് ആകർഷിക്കുന്നതിന് സംസ്ഥാനത്തിന് പുറത്തും വിദേശരാജ്യങ്ങളിലും പരസ്യം നൽകുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്നോപാർക്കിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വിദേശരാജ്യങ്ങളിൽനിന്നുള്ള വ്യാപാരക്കരാറുകൾ നേടുന്നതിനും keralait.org എന്ന ഏകീകൃത website രൂപീകരിച്ചിട്ടുണ്ട്. ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും മറ്റും ഉൾപ്പെടുത്തി തയ്യാറാക്കിയ "Coffee Table Book" വളരെ വിജ്ഞാനപ്രദവും കേരളത്തിലേക്ക് ഐ.ടി. വ്യവസായ സംരംഭകരെ ആകർഷിപ്പിക്കുവാനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കാനും സഹായിക്കുന്നു. ദേശീയ ടെലിവിഷൻ ചാനലുകളിൽ കേരള ഐ.ടി.യ്ക്കായിട്ടുള്ള പരസ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'റോഡ് ഷോകൾ' ദേശീയവും അന്തർദ്ദേശീയവുമായ ഐ.ടി. എക്സിബിഷനുകളിലെ പങ്കാളിത്തം എന്നിവ കേരളത്തിൽ കൂടുതൽ ഐ.ടി.വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനും ഐ.ടി. കയറ്റുമതിയുടെ വളർച്ചാനിരക്ക് വർദ്ധിപ്പിക്കുവാനും സഹായകമാകുമെന്ന് കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ന്യൂസിലാൻഡിൽനിന്നുള്ള പ്രതിനിധിസംഘം ഈയിടെ ടെക്നോപാർക്ക് സന്ദർശിച്ചിരുന്നു. പ്രസ്തുത പ്രതിനിധിസംഘം പ്രാരംഭഘട്ട ചർച്ചയ്ക്കായി എത്തിയതായിരുന്നു. വ്യാപാര കരാറുകളിൽ ഒന്നും ഏർപ്പെട്ടിട്ടില്ല.

(ഡി) ഈ വർഷം ജർമ്മനി, ഇറ്റലി തുടങ്ങിയ വിദേശരാജ്യങ്ങളിലെ പ്രതിനിധിസംഘങ്ങളാണ് വന്നിട്ടുള്ളത്.

(ഇ) വർഷംതോറും ജർമ്മനിയിലും ദുബായിലും നടക്കുന്ന CeBIT, GITEX തുടങ്ങിയ ലോകപ്രശസ്തമായ വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിന് പുറമെ മുംബൈ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ Road showകളും മറ്റും നടത്തുകയും ചെയ്തിട്ടുണ്ട്.

കൊച്ചിയിലെ സ്മാർട്ട്സിറ്റി പദ്ധതി

83 (96) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിയിലെ നിർദ്ദിഷ്ട സ്മാർട്ട്സിറ്റി പദ്ധതിയുടെ സംരംഭകർക്ക് നൽകുന്ന ഭൂമിയുടെ 12 ശതമാനം ഫ്രീ ഹോൾഡായി കൊടുക്കുവാനുള്ള ധാരണയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത് ;

(ബി) പ്രസ്തുത ധാരണപ്രകാരം അവർക്ക് ലഭിക്കുന്ന ഭൂമി ഐ.ടി. ഇതര സംരംഭകർക്ക് ഉപയോഗിക്കുവാൻ കഴിയുമായിരുന്നുവോ ;

(സി) ഇപ്രകാരം ഫ്രീ ഹോൾഡായി ലഭിക്കുന്ന ഭൂമി മറിച്ചു വിൽക്കുവാൻ ടീകോം കമ്പനിക്ക് അവകാശം നൽകുന്നത് സംബന്ധിച്ച് ഇപ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേരള സർക്കാരും TECOM Investment FZ-LLCയുമായി ഒപ്പുവച്ച ഫ്രെയിംവർക്ക് എഗ്രിമെന്റിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. എന്നാൽ ഫ്രീഹോൾഡ് സംബന്ധിച്ച വ്യവസ്ഥയിന്മേൽ ചില വ്യക്തതകൾ ഉഭയകക്ഷി ചർച്ചകളിലൂടെ ഉണ്ടാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം ഫ്രീഹോൾഡായി മാറ്റപ്പെടുന്ന ഭൂമിക്ക് വില്പനാവകാശം ഉണ്ടായിരിക്കുന്നതല്ല.

എൻഡോസൾഫാൻ ദുരന്തം ആവർത്തിക്കാതിരിക്കാൻ നടപടി

84 (97) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ കീടനാശിനിയുടെ വ്യാപകമായ ഉപയോഗംമൂലം സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളാണ് ദുരന്തം അനുഭവിക്കുന്നത് ;

(ബി) ദുരന്തബാധിത പ്രദേശങ്ങളിൽ സഹായമായി എന്തൊക്കെ കാര്യങ്ങളാണ് സംസ്ഥാന സർക്കാർ ചെയ്തിട്ടുള്ളത് ;

(സി) എൻഡോസൾഫാന്റെ ഉപയോഗം, നിർമ്മാണം എന്നിവ തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly